Malayala Manorma

19 June 2018

Eloor: Heavy rain, Flood

ഏലൂർ എസ്എച്ച്ജെയുപി സ്കൂളിനു സമീപമുള്ള വീടിന്റെ മുറ്റത്തു മലിന ജലം നിറഞ്ഞ നിലയിൽ.

മലിനജലം നിറഞ്ഞ് ഏലൂർ വടക്കുംഭാഗം

- മലിനജലവും രക്തം കുടിക്കുന്ന അട്ടകളും വീട്ടുകാരെ ദുരിതത്തിലാക്കി
- ഗവ. എൽപി സ്കൂളിൽ ദുരിതാശ്വാസ ക്യാംപ്

ഏലൂർ • വടക്കും ഭാഗത്തെ ഏഴു വാർഡുകളിൽ വെള്ളക്കെട്ടു ഭീഷണി തുടരുന്നു. അൻപതോളം വീടുകളാണു വെള്ളക്കെട്ടിലായത്. ഇവയിൽ പല വീടുകളിലും വെള്ളം വീടുകൾക്കകത്തേക്കു കയറി. പനച്ചിത്തോടിനു സമീപത്തെ വീടുകളിലാണു വെള്ളം കയറിയത്. ഏറ്റസ് പഴുപ്പടി, കൊച്ചിക്കാരൻ പറമ്പ് വീട്ടിൽ ബാബു എന്നിവരുടെ വീടിനകത്ത് ഒരടിയോളം വെള്ളം നിറഞ്ഞു. ബാബുവിന്റെ കിടപ്പുരോഗിയായ മാതാവിനെ മറ്റൊരിടത്തേക്കു മാറ്റാൻ കഴിയാതെ വീട്ടുകാർ വലഞ്ഞു. മലിനജലവും രക്തം കുടിക്കുന്ന അട്ടകളും വീടുകൾക്കകത്തേക്കു കയറുന്നതു ഗുരുതരമാകുന്നു.

ആശ്രയ ഭവനത്തിനു ചുറ്റും വെള്ളക്കെട്ടാണ്. ഇവിടെ താമസിക്കുന്നവരെ മാറ്റിത്താമസിപ്പിക്കുന്നതിനു ഗവ. എൽപി സ്കൂളിൽ ദുരിതാശ്വാസ ക്യാംപ് തുറന്നതായി വില്ലേജ് ഓഫീസർ അറിയിച്ചു. ഏഴു കുടുംബങ്ങൾ ഇവിടേക്കു മാറാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. മറ്റുള്ളവർ ബന്ധുവീടുകളിൽ അഭയം തേടി. ഇവിടേക്കുള്ള റോഡ് വെള്ളത്തിനടിയിലാണ്. വെള്ളക്കെട്ടു നേരിടുന്ന പ്രദേശങ്ങളിലെ അസൂഖ ബാധിതരുള്ള കുടുംബങ്ങൾ പലതും ബന്ധുവീടുകളിലേക്കു താമസം മാറ്റിയിട്ടുണ്ട്. ഡിപ്പോ പ്രദേശത്തെ റോഡുകൾ പലതും പൂർണമായി വെള്ളത്തിനടിയിലാണ്. ആറുവർഷത്തിനു ശേഷമാണ് ഇത്രരൂക്ഷമായ വെള്ളക്കെട്ടു നേരിടേണ്ടിവന്നതെന്നു നാട്ടുകാർ പറഞ്ഞു.

പനച്ചിത്തോടിൽ നിന്നും ആമംതുരുത്തു പാടശേഖരത്തിൽ നിന്നും വെള്ളം കുഴിക്കണ്ടം തോടിലേക്ക് ഒഴുകിപ്പോകുന്ന ഭാഗം അടച്ചതാണു പ്രതിസന്ധി രൂക്ഷമാക്കിയത്. സ്വകാര്യ കമ്പനിക്കുതന്നെ കൂടി കടന്നുപോകുന്ന തോടിന്റെ ഭാഗം വൂല്ലും കാടും വളർന്നു. വെള്ളം പെരിയാറിലേക്കു ഒഴുകിപ്പോകുന്നത് ഇതുമൂലം തടസ്സപ്പെട്ടു. മലിന ജലം നിറഞ്ഞ വെള്ളക്കെട്ടു മൂലം പകർച്ചവ്യാധികൾ പടരുമോയെന്ന ഭീതിയിലാണു നാട്ടുകാർ.